(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിമാരുടെ ചെലവുകൾ

1 [1] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം മുഖ്യമന്ത്രിയുൾപ്പെടെയുള്ള ഓരോ മന്ത്രിമാരും ടി. എ., ഡി. എ., വിമാനയാത്രാക്കൂലി, ടെലിഫോൺ ചാർജ്ജ്, മെഡിക്കൽ റീഇംപേഴ്സ്മെന്റ്, സെല്ലുലാർ ഫോൺ ചാർജ്ജ്, ചായ സൽക്കാരം, ഔദ്യോഗിക വസതി മോടിപിടിപ്പിക്കൽ എന്നീ ഇനങ്ങളിൽ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതേ കാലയളവിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവർ ടി.എ., ഡി. എ., ടെലിഫോൺ ചാർജ്ജ്, വിമാനയാത്രാക്കൂലി എന്നീ ഇനങ്ങളിൽ എന്തു തുക ചെലഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മറുപടി അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ ചെലവ്

2 [2] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2003 ഡിസംബർ 31 വരെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും, ലാന്റ് ഫോണും മൊബൈൽ ഫോണും ഉൾപ്പെടെ ടെലിഫോൺ ചാർജ്ജ് ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ അതേ കാലഘട്ടത്തിൽ അതിഥി സൽക്കാരത്തിനു വേണ്ടി മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും എത്ര തുകവീതം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly